©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്

## EXTRAORDINARY
## അസാധാരണം

**PUBLISHED BY AUTHORITY**
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram,<br>Tuesday<br>തിരുവനന്തപുരം,<br>ചൊവ്വ | 8th June 2010<br>2010 ജൂൺ 8<br>18th Jyaishta 1932<br>1932 ജ്യേഷ്ഠം 18 | No.<br>നമ്പർ 1308 |

## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 144/10/തസ്വഭവ. *തിരുവനന്തപുരം, 2010 ജൂൺ 8.*

**എസ്. ആർ. ഒ. നമ്പർ 564/2010.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഇ) ഖണ്ഡം പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 1994 ഏപ്രിൽ 22-ാം തീയതിയിലെ സ. ഉ. (എം. എസ്.) 91/94/എൽഎഡി ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 478/94 ആയി പ്രസിദ്ധീകരിച്ചതുമായ V-ാം നമ്പർ വിജ്ഞാപനം ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ടും മുനിസിപ്പൽ പ്രദേശത്തോട് ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന താഴെ പട്ടികയിൽ (2)-ാം കോളത്തിൽ പറയുന്ന ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശങ്ങളെ (1)-ാം കോളത്തിൽ പറയുന്ന ജില്ലയിൽപ്പെട്ട (4)-ാം കോളത്തിൽ പറയുന്ന ആസ്ഥാനമുള്ള (3)-ാം കോളത്തിലെ മുനിസിപ്പൽ കൗൺസിലുകളോട് സംയോജിപ്പിക്കുവാൻ ഉത്തരവായി കേരള സർക്കാർ ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

പട്ടിക

| ജില്ല | സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശങ്ങൾ | സംയോജിക്കപ്പെടുന്ന മുനിസിപ്പൽ കൗൺസിലിന്റെ പേരുകൾ | മുനിസിപ്പൽ കൗൺസിലിന്റെ ആസ്ഥാനം |
|---|---|---|---|
| (1) | (2) | (3) | (4) |
| കോട്ടയം ജില്ല | നാട്ടകം ഗ്രാമ പഞ്ചായത്ത്, കുമാരനല്ലൂർ ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശങ്ങൾ | കോട്ടയം | കോട്ടയം |
| എറണാകുളം ജില്ല | തിരുവാങ്കുളം ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശങ്ങൾ | തൃപ്പൂണിത്തുറ | തൃപ്പൂണിത്തുറ |
| തൃശ്ശൂർ ജില്ല | പൂക്കോട് ഗ്രാമ പഞ്ചായത്ത്, തൈക്കാട് ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശങ്ങൾ | ഗുരുവായൂർ | ഗുരുവായൂർ |
| തൃശ്ശൂർ ജില്ല | പൊറത്തിശ്ശേരി ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശങ്ങൾ | ഇരിങ്ങാലക്കുട | ഇരിങ്ങാലക്കുട |
| തൃശ്ശൂർ ജില്ല | മേത്തല ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശങ്ങൾ | കൊടുങ്ങല്ലൂർ | കൊടുങ്ങല്ലൂർ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രാജേഷ് കുമാർ സിംഗ്,
*ഗവൺമെന്റ് സെക്രട്ടറി.*



വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

സംസ്ഥാനത്തെ മുനിസിപ്പൽ പ്രദേശത്തോട് ചേർന്നുകിടക്കുന്ന, ചില ഗ്രാമ പഞ്ചായത്ത് ഭൂപ്രദേശത്തെ പ്രസ്തുത മുനിസിപ്പാലിറ്റികളിൽ ലയിപ്പിക്കണമെന്ന നിർദ്ദേശം ലഭിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ടും, നാട്ടകം, കുമാരനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശം കോട്ടയം മുനിസിപ്പൽ കൗൺസിലിനോടും, തിരുവാങ്കുളം ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശം തൃപ്പൂണിത്തുറ മുനിസിപ്പൽ കൗൺസിലിനോടും, പൂക്കോട്, തൈക്കാട് ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശം ഗുരുവായൂർ മുനിസിപ്പൽ കൗൺസിലിനോടും, പൊറത്തിശ്ശേരി ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശം ഇരിങ്ങാലക്കുട മുനിസിപ്പൽ കൗൺസിലിനോടും, മേത്തല ഗ്രാമപഞ്ചായത്തിലെ ഭൂപ്രദേശം കൊടുങ്ങല്ലൂർ മുനിസിപ്പൽ കൗൺസിലിനോടും 2010 ഒക്ടോബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം സംയോജിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.